# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4019 — 12.12.2018 - ൽ മറുപടിക്ക്

### ആരോഗ്യവകുപ്പിൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പിൽ ഒരോ തസ്തികയിലും സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ കെ.എസ് ആന്റ് എസ്.എസ്.ആർ റൂൾ 27 പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | കെ.എസ് ആന്റ് എസ്.എസ്.ആർ റൂൾ 27 പ്രകാരമാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. |
| ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയുടെ പ്രമോഷൻ തസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 വിലേക്കുള്ള പ്രമോഷനുവേണ്ടി ജൂനിയർ എച്ച്.ഐ.ഗ്രേഡ് 1 ന്റെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ള റൂളുകൾ പാലിച്ച് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) & സി) | ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്, ലിസ്റ്റ്-1 ആയും സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവരും ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ചവരുമായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്, ലിസ്റ്റ്-2 ആയും ഇ.എസ്2-47321/2000/ആ.വ.ഡ തീയതി, 05.01.2008 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.<br><br>ഈ ലിസ്റ്റുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒ.പി(കെ.എ.റ്റി)31, 32, 135/2015 എന്നീ കേസുകളിലെ 2/3/2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് സ.ഉ(സാധാ) നം.2797/2018/ആ.കു.വ തീയതി, 12.09.2018 പ്രകാരം, 05.01.2008 ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സീനിയോറിറ്റി പട്ടികയിലെ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവർ ഉൾപ്പെടുന്ന ലിസ്റ്റ്-1 അതേപടി നിലനിർത്താനും എസ്.ഐ.സി കോഴ്സ് പാസായവരുൾപ്പെടുന്ന ലിസ്റ്റ്-2 പരിശോധിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലിസ്റ്റ്-2 പുനഃപരിശോധിച്ച് പ്രസിദ്ധീകരണം ചെയ്തിട്ടുണ്ട്.<br>ടി രണ്ട് ലിസ്റ്റുകളും റൂൾ 27(സി) പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) | 29/9/2018 ൽ പ്രസിദ്ധീകരിച്ച പ്രമോഷൻ ഉത്തരവിൽ പറയുന്ന 5/1/2008 ലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; അത് റൂൾ 27(സി) പാലിച്ചുള്ളതാണോ എന്നറിയിക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നടന്ന പ്രമോഷനുകൾ താൽകാലികമാണെങ്കിൽ<br>എന്തുകൊണ്ട് കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രമോഷൻ നടത്തിയില്ല; കാരണം വ്യക്തമാക്കുമോ; | ഡി) | ബഹു. സുപ്രീം കോടതി ഉത്തരവ് നം.എസ്.എൽ.പി.സി(എ) 12363/2018 തീയതി, 27.07.2018, 02.03.2018 ലെ ഒ.പി(കെ.എ.റ്റി)നം.31, 32, 135 പ്രകാരമുള്ള ബഹു. ഹൈക്കോടതി ഉത്തരവ്, 03.09.2018 ലെ ഒ.എ നം.620/18 & ഒ.എ(ഇ) നം.1424/18 പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ്, 12.09.2018 ലെ സ.ഉ (സാധാ)നം.2797/2018/ആ.കു.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരമാണ് 29.09.2018 ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഇ.ജി4-41950/2016/ആ.വ.ഡ പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>12.09.2018 ലെ സർക്കാർ ഉത്തരവിൽ 05.01.2008 ലെ ഇ.എസ്.2-47321/2000/ആ.വ.ഡ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ലിസ്റ്റ് 1 പ്രകാരം സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ലിസ്റ്റ്-2 പരിഷ്കരിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ലിസ്റ്റ്-1 ൽ നിന്നും 208 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. പരിഷ്കരിച്ച ലിസ്റ്റ്-2 സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 75 പേർക്ക് സ്ഥാനക്കയറ്റം നൽകി 13.11.2018 ൽ ഉത്തരവായിട്ടുണ്ട്. |
| ഇ) | 29/9/2018 മുതൽ ഇറക്കിയ താൽക്കാലിക പ്രമോഷൻ ഉത്തരവുകളിൽ സീനിയറായവരെ മറികടന്ന് ജൂനിയർ ആയവർ പ്രമോഷൻ നേടിയിട്ടുണ്ടോ; എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | ഇ) | 05.01.2008 ലെ സീനിയോറിറ്റി ലിസ്റ്റിലെ നിലവിലുള്ള റാങ്ക് നമ്പർ ക്രമമനുസരിച്ചാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ സീനിയറായവരെ മറികടന്ന് ജൂനിയർ ആയവർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല. |

Milan

സെക്ഷൻ ഓഫീസർ